**തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം**
**(ഹാജർ: ഡോ.കെ.വാസുകി ഐ.എ.എസ്)**

---

**കെ6-89903/16** **തീയതി: 26.12.2017**

വിഷയം:- പൊന്നുംവില - RFCTLARR ACT 2013 – സാമൂഹിക പ്രത്യാഘാത പഠനം -എക്സ്പെർട്ട് ഗ്രൂപ്പ്- അംഗങ്ങളെ നാമനിർദ്ദേശം ചെയ്ത് ഉത്തരവാകുന്നത് -സംബ.

വായന:- 29.06.2016 ലെ G.O(P) .377/16/RD നം.സർക്കാർ ഉത്തരവ്
(08.07.2016 ലെ 1225-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനം).

The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 ലെ 7(1) വകുപ്പിലെ പരാമർശ പ്രകാരമുള്ള 'എക്സ്പെർട്ട് ഗ്രൂപ്പിനെ നിയമിക്കുന്നത് സംബന്ധിച്ച് വായന(1) സർക്കാർ ഉത്തരവിൽ ഓരോ പൊന്നുംവില നടപടിയിലും 7 അംഗങ്ങളടങ്ങിയ എക്സ്പെർട്ട് ഗ്രൂപ്പിനെ നിയമിക്കുന്നതിന് ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.പ്രസ്തുത സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന 'നോൺ ഒഫിഷ്യൽ സോഷ്യൽ സയിന്റിസ്റ്റ് ', എക്സ്പെർട്സ് ഓൺ റീഹാബിലിറ്റേഷൻ' വിഭാഗങ്ങളിൽ രണ്ട് പേരെ വീതം ജില്ലാകളക്ടർ നാമനിർദ്ദേശം ചെയ്യേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിലെ പൊന്നുംവില നടപടികളിൽ സാമൂഹിക ആഘാത പഠന യൂണിറ്റുകൾ സമർപ്പിക്കുന്ന പഠനറിപ്പോർട്ടുകൾ വിലയിരുത്തുന്നതിനായി രൂപീകരിക്കുന്ന എക്സ്പെർട്ട് ഗ്രൂപ്പിലേയ്ക്ക് ചുവടെ ചേർക്കുന്ന 4 പേരെ നാമനിർദ്ദേശം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് & അഡ്രസ്സ് | വിഭാഗം |
|---|---|---|
| 1 | ഡോ.പി.കെ ഭാസ്ക്കരൻ നായർ<br>(ഡോ.പി.കെ.ബി നായർ)<br>സോഷ്യോളജി പ്രൊഫസർ(റിട്ട)<br>യൂണിവേഴ്സിറ്റി ഓഫ് കേരള<br>അശ്വതി,ടെമ്പിൾ റോഡ്<br>കൊച്ചുള്ളൂർ,മെഡിക്കൽകൊളേജ് | നോൺ ഒഫിഷ്യൽ സോഷ്യൽ സയിന്റിസ്റ്റ് |
| 2 | പ്രൊ.താരാഭായി<br>സോഷ്യോളജി പ്രൊഫസർ(റിട്ട)<br>മദ്രാസ് യൂണിവേഴ്സിററി<br>II A,GIA Classic,UR NO.2<br>ഉപ്പളം റോഡ്,തിരുവനന്തപുരം-2 | നോൺ ഒഫിഷ്യൽ സോഷ്യൽ സയിന്റിസ്റ്റ് |

| | | |
|---|---|---|
| 3 | ശ്രീ.എസ്.ഇന്ദുകലാധരൻ<br>ഡെപ്യൂട്ടി കളക്ടർ (റിട്ട).<br>ഹൗസ്.നം.5<br>എം.എസ്.പി നഗർ<br>തിരുമല പി.ഒ | എക്സ്പെർട്സ് ഓൺ റീഹാബിലിറ്റേഷൻ |
| 4 | ശ്രീ.എസ്.ശംഭുദേവൻ നായർ<br>ഡെപ്യൂട്ടി കളക്ടർ (റിട്ട)<br>കൃഷ്ണ<br>ഊരുപൊയ്ക പി.ഒ<br>ആറ്റിങ്ങൽ. | എക്സ്പെർട്സ് ഓൺ റീഹാബിലിറ്റേഷൻ |

ഓരോ പൊന്നുംവില നടപടിയിലും എക്സ്പെർട്ട് ഗ്രൂപ്പിലെ മറ്റ് മൂന്ന് അംഗങ്ങളിൽ രണ്ട് പേർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളും (ഒരു വനിത ഉൾപ്പെടെ) ഒരാൾ പദ്ധതിയുമായി ബന്ധപ്പെട്ട സാങ്കേതിക വിദഗ്ദ്ധനും ( അർത്ഥനാധികാരിയുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്ന ആൾ) ആയിരിക്കും.

(ഒപ്പ്)

**ജില്ലാ കളക്ടർ**

ബന്ധപ്പെട്ട വ്യക്തികൾക്ക്

പകർപ്പ്:

അഡീഷണൽ ചീഫ് സെക്രട്ടറി ,റവന്യൂ(ആമുഖ കത്ത് സഹിതം)
ലാന്റ് റവന്യൂ കമ്മീഷണർ (ആമുഖ കത്ത് സഹിതം)
എൻ.ഐ.സി (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എല്ലാ എൽ.എ.ഒ മാർക്കും
ജില്ലാ കളക്ടറുടെ സി.എ
കെ3,കെ4,കെ5,കെ13 സീറ്റുകൾക്ക്
സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടി കളക്ടർ(എൽ.എ)